**നം:ബി 5-19701/2013/മീറ്റിംഗ്/ഡി.ഐ.എം.എസ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 14,

**തീയതി, 14 . 06 . 2017**

പ്രേഷിത

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

**സ്വീകർത്താവ്**

1. **റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
ദക്ഷിണ മേഖല, കൊല്ലം/മദ്ധ്യ മേഖല, എറണാകുളം/
ഉത്തര മേഖല, കോഴിക്കോട്**

2. **ഡെപ്യൂട്ടി ഡയറക്ടർ(ഹോമിയോ/ആയുർവ്വേദം)
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം**

3. **സൂപ്രണ്ട്,
ഇ.എസ്.ഐ ഹോസ്പിറ്റൽ,**

..........................................................................

4. **ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
ഇ.എസ്.ഐ ഡിസ്പെൻസറി,**

..........................................................................

സർ,

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - അവലോകനയോഗ നടപടി ചുരുക്കം അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന :- 24.05.2017-ൽ നടന്ന അവലോകന യോഗ നടപടി ചുരുക്കം.

**24.05.2017**-ൽ ഈ ഓഫീസിൽ വച്ച് നടന്ന അവലോകന യോഗത്തിന്റെ മിനിട്ട്സ് തുടർനടപടികൾക്കായി അയയ്ക്കുന്നു. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് www.ims.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണെന്ന വിവരം താങ്കളുടെ അധീനതയിലുള്ള എല്ലാ സ്ഥാപന മേധാവികളേയും അറിയിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ,**

Ajita Naik

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ.**

## 24.05.2017-ൽ നടന്ന അവലോകനയോഗത്തിന്റെ നടപടി ചുരുക്കം

കിളികൊല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറി മെഡിക്കലാഫീസർ അന്തരിച്ച Dr.Paul Bayles-ന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് 24.05.2017, 10.45-ന് വകുപ്പദ്ധ്യക്ഷയുടെ നേതൃത്വത്തിൽ യോഗം ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

മുൻ യോഗത്തിലെ മിനിട്സ് അവതരിപ്പിക്കുന്നതോടൊപ്പം പ്രസ്തുത യോഗത്തിന്റെ Action taken report ആരും അറിയിക്കുന്നില്ല എന്ന് വകുപ്പദ്ധ്യക്ഷ ഓർമ്മപ്പെടുത്തി.

വകുപ്പിന്റെ കീഴിലുള്ള ഡിസ്പെൻസറികളിലും, ആശുപത്രികളിലും മരുന്നുകൾ ഇൻഡന്റ് അനുസരിച്ച് ലഭിക്കുന്നില്ല എന്നും മരുന്നുകളുടെ ക്ഷാമം രൂക്ഷമായി കാണുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി മരുന്നുകളുടെ അഭാവം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വകുപ്പദ്ധ്യക്ഷ അറിയിച്ചു. ഇതിന്റെ ഭാഗമായി commonly used drugs-ന്റെ buffer stock ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണെന്നും അറിയിച്ചു.

ഇതു കൂടാതെ പുതുതായി ആരംഭിക്കുന്ന NCD Clinic-നും Pharmacy Outlet-നും ഏതൊക്കെ മരുന്നുകൾ ആവശ്യമാണെന്ന് സ്റ്റോർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിൽ നിന്നും എത്തിയ ഫാർമസിസ്റ്റുമാരേയും ഉൾപ്പെടുത്തി ചർച്ച ചെയ്യുകയുണ്ടായി. ഉൾപ്പെടുത്തേണ്ട മരുന്നുകളെപ്പറ്റി ധാരണ ആയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കി മുറി സജ്ജീകരിച്ചാലുടൻ NCD Clinic-നുള്ള മരുന്നുകൾ സ്റ്റോറുകളിൽ നിന്നും നൽകുന്നതാണ്. ആഴ്ചയിൽ 2 ദിവസം പ്രസ്തുത ക്ലിനിക്കുകൾ പ്രാരംഭഘട്ടത്തിൽ പ്രവർത്തിക്കേണ്ടതാണ്. ഫാക്ടറി പരിസരത്ത് ക്യാമ്പുകൾ, ആരോഗ്യപരിപാലന വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ മുതലായവ സംഘടിപ്പിക്കേണ്ടതാണ്. ഡിസ്പെൻസറി/ആശുപത്രിതലത്തിൽ ചാർജ് മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്/സ്പെഷ്യലിസ്റ്റുമാർ/റസിഡന്റ് മെഡിക്കൽ ഓഫീസർ ഒഴികെയുള്ള ഒരു ഡോക്ടർക്ക് പ്രസ്തുത ക്ലിനിക്കിന്റെ ചാർജ് നൽകണം.

Pharmacy Outlet-ന്റെ ഉപകരണങ്ങളും ആശുപത്രി വികസന സമിതി മുഖേന improvement fund-ൽ നിന്ന് വാങ്ങണം. മരുന്നുകൾ സൂപ്രണ്ട് ആവശ്യപ്പെടുന്നതനുസരിച്ച് നൽകുന്നതാണ്. പ്രത്യേകം രജിസ്റ്ററുകൾ വെയ്ക്കേണ്ടതാണ്. Outlet സജ്ജമാകുമ്പോൾ പുതുതായി ഒരു ഫാർമസിസ്റ്റിനെ നിയമിക്കുന്നതാണ്.

**(നടപടി - മെഡിക്കൽ സൂപ്രണ്ട്, ചാർജ് മെഡിക്കൽ ഓഫീസർ, സ്റ്റോർ സൂപ്രണ്ട്)**

Pharmacy Outlet-ന്റെ NCD Clinic-നും എന്നിവ ആരംഭിക്കുന്നതിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾക്കുള്ള ഫണ്ട് ആശുപത്രി വികസന സമിതിയിൽ അവതരിപ്പിക്കേണ്ടതാണ്. ആശുപത്രി വികസന സമിതിയിൽ ഫണ്ട് വിഷയം അവതരിപ്പിച്ച്, വിഷയം മിനിറ്റ്സിൽ രേഖപ്പെടുത്തി ആവശ്യമായ തുക സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടി അതാത് ആശുപത്രി സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്.

ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ അക്രെഡിറ്റേഷൻ ജൂൺ 2017-ൽ അവസാനിക്കുന്നതാണ്. തുടർന്ന് സിവിൽ വർക്കിന് അനുവാദം നൽകുമ്പോൾ പ്രസ്തുത വിഷയം ശ്രദ്ധിക്കേണ്ടതാണ്.

ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഇല്ലാതെ വരുമ്പോഴും ഉച്ചയ്ക്കുശേഷവും ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പുറത്തുള്ള ലാബുമായി ടൈ-അപ് ചെയ്യുവാൻ 01.02.2017-ലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. സി.ജി.എച്ച്.എസ് റേറ്റ് പ്രകാരം ഓരോ ഇൻവെസ്റ്റിഗേഷനും തുക നൽകാവുന്നതാണ്. എൻ.എ.ബി.എൽ അക്രെഡിറ്റഡ്/കൂടുതൽ ഇൻവെസ്റ്റിഗേഷൻ ചെയ്യുന്ന സമീപ പ്രദേശങ്ങളിലുള്ള ലാബുകൾക്ക് മുൻഗണന നൽകേണ്ടതാണ്. ഒരു ദിവസം ഒരാൾക്കു ചെയ്യുന്ന പരിശോധനക്കുള്ള തുക 1,000/- രൂപയിൽ കൂടുതലാകുവാൻ പാടില്ല. മാസംതോറുമുള്ള സ്റ്റേറ്റ്മെന്റ് സൂപ്രണ്ട് ഈ ഓഫീസിലേയ്ക്ക് അയച്ചു തരുന്ന മുറയ്ക്ക് ഫണ്ട് പ്രസ്തുത ലാബിന് നൽകുന്നതാണ്.

**<u>ചർച്ച ചെയ്ത മറ്റ് വിഷയങ്ങൾ</u>**

റിട്ടയർ ആകുന്ന ജീവനക്കാരുടെ പെൻഷൻ പുസ്തകത്തിൽ വകുപ്പദ്ധ്യക്ഷ ഒപ്പിടേണ്ട പുറങ്ങളിൽ ഇൻഷുറൻസ് മെഡിക്കൽ ആഫീസർമാർ നിരന്തരമായി ഒപ്പിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യമായി മനസ്സിലാക്കിയതിനുശേഷം ഇൻഷുറൻസ് മെഡിക്കൽ ആഫീസർ/സൂപ്രണ്ടുമാർ പെൻഷൻ ബുക്കിലെ പേജുകളിൽ ഒപ്പ് രേഖപ്പെടുത്തുക.

ആശുപത്രികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് എന്നും വകുപ്പദ്ധ്യക്ഷ അറിയിച്ചു.

(......3)

പല സ്ഥാപനങ്ങളിലും ലീവ് അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ കൃത്യത പുലർത്തുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതായി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു. അവധി എടുക്കാൻ അനുവാദം ലഭിച്ചതിനുശേഷം അവധി avail ചെയ്യേണ്ടതാണെന്നും, മൂന്നു ദിവസത്തിൽ കൂടുതൽ unauthorised absent ആയാൽ സ്ഥാപനമേധാവി മെമ്മോ നൽകേണ്ടതും എന്നിട്ടും ഹാജരായില്ലെങ്കിൽ വകുപ്പദ്ധ്യക്ഷയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചു.

സി.ജി.എച്ച്.എസ് നിരക്കിൽ ഉൾപ്പെടാത്ത items uniform ആയി പാസ്സാക്കേണ്ടത് അത്യാവശ്യമാണ്. സി.ജി.എച്ച്.എസ് നിരക്കിന്റെ ലിസ്റ്റിൽ ഉൾപ്പെടാത്തതായ Implant/Artificial appliances മുതലായവയുടെ ലിസ്റ്റ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ ശേഖരിച്ച് റിപ്പോർട്ട് ചെയ്യുക. **[നടപടി - എം.ആർ.സി സൂപ്രണ്ട്, ജോയിന്റ് ഡയറക്ടർ** (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമായതിനുശേഷം)]

ഓരോ സോണിന്റെ കീഴിൽ വരുന്ന ഡിസ്പെൻസറികളുടെ ആഡിറ്റ് സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതും ആഡിറ്റിന് നേതൃത്വം വഹിക്കുന്ന വ്യക്തി തന്നെ റിപ്പോർട്ട് കൃത്യമായി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും പകർപ്പ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കും നല്കേണ്ടതാണ്.

**(നടപടി - റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)**

യോഗം 2.15-ന് അവസാനിച്ചു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി - 13.6.17

**24.05.2017-ൽ ചേർന്ന ദ്വൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1. | Dr.Anitha. D, Regional Deputy Director (CZ) | Ernakulam |
| 2. | Dr.A.A.Sheela, Regional Deputy Director (SZ) | Kollam |
| 3. | Dr.Kumari Letha | ESI Hospital, Vadavathur, Kottayam |
| 4. | Dr.Rema.P, Superintendent | ESI Hospital, Mulamkunnathukavu |
| 5. | Dr. K.K.Radhakrishnan Superintendent | ESI Hospital, Olarikkara |
| 6. | Dr.Latha Sahadevan, Deputy Director (Ayurveda) | Directorate of Insurance Medical Services |
| 7. | Dr.Ajitha.T.P, Deputy Director (Homoeo) | Directorate of Insurance Medical Services |
| 8. | Dr. A.P.Mohammed, Superintendent | ESI Hospital, Alapuzha |
| 9. | Dr.N.K.Rajan, Superintendent | ESI Hospital, Feroke |
| 10. | Dr.N.Prasanth, Superintendent | ESI Hospital, Palakkad |
| 11. | Dr.Omana.V.K, Superintendent (i/c) | ESI Hospital, Thottada |
| 12. | Dr.Seninamma John | ESI Dispensary, Kottarakkara |
| 13. | Dr. Mini Grace, Insurance Medical Officer (i/c) | ESI Dispensary, Pattathanam |
| 14. | Dr.Leela.V.P, Regional Deputy Director (i/c) | Regional Deputy Director (NZ), Kozhikode |
| 15. | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |
| 16. | Dr.Chandramathy Karunakaran.A. | ESI Hospital, Ernakulam |
| 17. | Mathai.K.M, Pharmacist | ESI Hospital, Peroorkada |
| 18. | Muraleedharan.S, Pharmacist | ESI Dispensary, Pooyappally |
| 19. | Santhoshkumar.R, Pharmacist | ESI Dispensary, Kilikollur |
| 20. | Sathishbabu.P.P, Pharmacist | ESI Dispensary, Kannur |
| 21. | V.C.Muraleedharan, Pharmacist | ESI Dispensary, Nilambur |
| 22. | Manoj.T.N, Pharmacist | ESI Hospital, Vadavathoor, Kottayam |

| | | |
|---|---|---|
| 23. | Joy.T.K, Pharmacist | ESI Dispensary, Olarikkara, Thrissur |
| 24. | Umadevi.S, Pharmacist | ESI Dispensary, Enathu |
| 25. | Meenakumary.S.S, Pharmacist | ESI Hospital, Peroorkada |
| 26. | Suma Devi.V.S, Pharmacist | ESI Hospital, Alappuzha |
| 27. | Manikantan.M.V, Pharmacist | ESI Dispensary, Cheruvannur |
| 28. | Yamuna.P.S, Pharmacist | ESI Hospital, Ernakulam |
| 29. | G.Thulaseedharan Pillai,<br>Senior Administrative Officer | Directorate of Insurance Medical Services |
| 30. | C.V.Usha, Store Keeper | Directorate of Insurance Medical Services |
| 31. | K.S.Shajahan, Junior Superintendent | Directorate of Insurance Medical Services |
| 32. | Joseph Thomas, Junior Superintendent | Directorate of Insurance Medical Services |
| 33. | Jose.K.Biju, Senior Superintendent | Directorate of Insurance Medical Services |
| 34. | Lusamma Sebastian, Junior Superintendent | Directorate of Insurance Medical Services |
| 35. | Ajitha.S, Senior Superintendent | Directorate of Insurance Medical Services |
| 36. | S.Bagavathy Amma, Fair Copy Superintendent | Directorate of Insurance Medical Services |
| 37. | Shajahan.A, Junior Superintendent | Directorate of Insurance Medical Services |
| 38. | Sasikumar.P, Senior Superintendent | Regional Deputy Director, SZ, Kollam |

Ajita Nair R

**Director of Insurance Medical Services**